SUNDAY 24.03.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/03/2024

1. നാളികേര വികസന ബോർഡ് തെങ്ങ് കയറ്റ തൊഴിലാളികൾക്കായി കേരസുരക്ഷാ ഇൻഷുറൻസിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറം കോഴിക്കോട് ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വാഭിമാൻ സോഷ്യൽ സർവീസ് & ചാരിറ്റബിൾ സൊസൈറ്റിയിൽ ലഭ്യമാണ്. ഒരു വർഷത്തേക്ക് 94/- രൂപ അടവിൽ അഞ്ചു ലക്ഷം രൂപയാണ് മരണാനന്തര സഹായം. രണ്ടര ലക്ഷം രൂപ അപകടത്തിലെ പൂർണ്ണ വൈകല്യങ്ങൾക്കും ചികിൽസാ സഹായങ്ങൾക്കും ലഭ്യമാകും. വിശദ വിവരങ്ങൾക്ക് 8891889720 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നല്ലയിനം കാസറകോഡ് കുള്ളൻ പശുക്കൾ ലഭ്യമാണ്. പശുക്കളെ ആവശ്യമുള്ള ഫാമുകൾക്കും കർഷകർക്കും കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രവുമായി 9446023845, 8086982969, 9447070957 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയിൽ എൻറോൾമെന്റ് ആരംഭിച്ചു. ഇൻഷുറൻസ് പരിരക്ഷ 10 ലക്ഷം രൂപയാണ്. മത്സ്യബന്ധന സമയത്തും അല്ലാതെയുമുള്ള അപകട മരണമോ അപകടത്തെ തുടർന്ന് സ്ഥിര അംഗവൈകല്യമോ സംഭവിക്കുന്നവർക്ക് നിബന്ധനകൾക്കു വിധേയമായി ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. ആളൊന്നിന് 509 രൂപ പ്രീമിയം നൽകി മാർച്ച് 31 വരെ അംഗങ്ങളാകാം. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴിയാണ് അംഗങ്ങളാകേണ്ടത്. കൂടുതൽ വിവരങ്ങൾ മത്സ്യഫെഡ് ജില്ലാ ഓഫീസുകളിൽ നിന്നും ക്ലസ്റ്റർ ഓഫീസുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കും.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### പരിശീലന പരിപാടി

4. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി ഫുഡ് സേഫ്റ്റി ആന്റ് ക്വാലിറ്റി അഷ്വറൻസ് എന്ന വിഷയത്തിൽ മാർച്ച് 26 ന് രാവിലെ 9.30 മുതൽ 4.30 വരെ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി 25.03.2024. കൂടുതൽ വിവരങ്ങൾക്ക് 9750968409, 9940058889 എന്നീ ഫോൺ നമ്പരുകളിലോ niftemt.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

5. ആലപ്പുഴ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപ്പാദന ശേഷയുള്ള ഗ്രാമശ്രീ പിടക്കോഴി കുഞ്ഞുങ്ങൾ ചൊവ്വ, വെള്ളി ദിവസങ്ങളിൽ 25 രൂപ നിരക്കിലും ജാപ്പനീസ് കാട കുഞ്ഞുങ്ങൾ എട്ട് രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിലും ലഭിക്കും. താത്പര്യമുള്ള കർഷകർ 0479 2452277 എന്ന നമ്പരിൽ മുൻകൂട്ടി ബുക്ക് ചെയ്യുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി:

2024 ഏപ്രിൽ 17. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി: 2024 ഏപ്രിൽ 16. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും 2024 മാർച്ച് 27-ന് ഓൺലൈൻപരിശീലനം നൽകുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം